LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, ഈ പദ്ധതി ആരംഭിക്കുന്ന സമയത്ത് അപേക്ഷകൾ നേരിട്ട് കൊടുക്കാമെന്നൊരു നിർദ്ദേശം ഞാൻ തന്നെ കൊടുത്തിരുന്നു. അതിനുശേഷം പരിശോധന നടത്തിയപ്പോൾ പല വില്ലേജ് ഓഫീസുകളും അപേക്ഷകൾ വാങ്ങി കൂട്ടി വയ്ക്കുന്നതല്ലാതെ സമയബന്ധിതമായി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുന്നില്ല എന്നു മനസ്സിലായി. അതൊരു അപാകതയാണെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് അപേക്ഷകൾ കൃത്യമായി അക്ഷയ സെന്റർവഴി മുൻഗണനാക്രമത്തിൽ കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ അങ്ങനെയൊരു നിർദ്ദേശം ആദ്യം ഞാൻ കൊടുത്തിരുന്നു. വേഗത്തിൽ കാര്യങ്ങൾ നടക്കട്ടെ എന്നുകരുതിയാണ് അങ്ങനെയൊരു നിർദ്ദേശം കൊടുത്തത്. പക്ഷേ അത് തെറ്റാണെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരുതീരുമാനമെടുത്തിട്ടുള്ളത്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

രജിസ്ട്രേഷൻ വഴിയുള്ള വരുമാനം

3(*243) ശ്രീ. സി. കൃഷ്ണൻ :

ശ്രീ. പി. കെ. ഗുരുദാസൻ :

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വഴിയുള്ള വരുമാനം ഗണ്യമായി കുറഞ്ഞിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ കുറവ് വരാൻ ഇടയായ സാഹചര്യം എന്തായിരുന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(സി) ആയതിന് പരിഹാരമായി കൈമാറ്റം ചെയ്യുന്ന വസ്തുവിലുള്ള കെട്ടിടത്തിന് ധാരണാവില ഏർപ്പെടുത്തിയിട്ടുണ്ടോ ; ഇതുവഴി ഉണ്ടാകുന്ന വരുമാന വർദ്ധനവ് വിശദമാക്കുമോ ;

(ഡി) പ്രസ്തുത തീരുമാനംവഴി ഉണ്ടാകുന്ന നികുതി ഭാരം കണക്കിലെടുത്തിട്ടുണ്ടോ; വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) :

(എ) 2011-12 സാമ്പത്തിക വർഷത്തെ വരുമാനം അടിസ്ഥാനമാക്കി പരിശോധിക്കുമ്പോൾ വരുമാനത്തിൽ തുടർന്നുള്ള സാമ്പത്തിക വർഷങ്ങളിൽ കുറവ് വന്നിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം മുൻ സാമ്പത്തിക വർഷത്തേക്കാൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുമുണ്ട്.

(ബി) പരിശോധിച്ചിട്ടുണ്ട്. വരുമാനം കുറഞ്ഞതിന് പ്രധാന കാരണം ആധാരങ്ങളുടെ എണ്ണത്തിലുണ്ടായ കുറവാണ്.

(സി) കെട്ടിടത്തിനുള്ള ധാരണാവില നാളിതുവരെ നിശ്ചയിക്കപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

റോഡുകളിലെ സുരക്ഷാസംവിധാനം

4(*244) ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാസംവിധാനം കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച സർക്കാർ തീരുമാനം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റോഡുകൾ നിർമ്മിക്കുമ്പോൾ സുരക്ഷാ ഓഡിറ്റുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) സംസ്ഥാനത്തെ റോഡുകളിലെ സുരക്ഷാ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ റോഡപകടങ്ങൾ കുറയ്ക്കുന്നതിന് ബഹു. ഗതാഗത വകുപ്പുമന്ത്രി ചെയർമാനും, ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി കോ-ചെയർമാനുമായി ഇന്ത്യയിലാദ്യമായി 'റോഡ് സേഫ്റ്റി അതോറിറ്റി' 7-1-2006-ൽ കേരളത്തിൽ നിലവിൽ വന്നു. ഇതുകൂടാതെ ജില്ലാതലത്തിൽ റോഡ്

LIBRARY ARCHIVES Kerala Legislative Assembly